LIBRARY ARCHIVES Kerala Legislative Assembly

ദേശീയ മന്തുരോഗ നിവാരണ പദ്ധതി

6 (*66) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയ മന്തുരോഗ നിവാരണ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിലെ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ നാലുവർഷത്തെ പ്രവർത്തനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദാംശം നൽകുമോ ;

(സി) ഈ കാലയളവിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ഡി) ലക്ഷ്യം കൈവരിക്കാനായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) നാലുവർഷക്കാലം ഈ പദ്ധതിക്കായി എന്തുതുക ചെലവഴിച്ചു ; ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ പ്രയോജനം ലഭിച്ചുവോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) വിലയിരുത്തിയിട്ടുണ്ട്. മന്തുരോഗ നിവാരണത്തിനായി സംസ്ഥാനത്ത് 1955-56 മുതൽ 2010 മേയ് മാസംവരെ ദേശീയ മന്തുരോഗ നിയന്ത്രണ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. ഇതിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ കൊതുക് നശീകരണംനടത്തുക, രാത്രികാല രക്തപരിശോധനയിലൂടെ മൈക്രോഫൈലേറിയ ഉള്ളവരെ കണ്ടെത്തുകയും അവർക്ക് ഡി.ഇ.സി. ചികിത്സ നടത്തുകയുംചെയ്യുക, മന്തുരോഗം ബാധിച്ചവരിൽ വൈകല്യംകൊണ്ട് ഉണ്ടാകുന്ന ദുരിതം ചികിത്സ കൊണ്ട് കുറയ്ക്കുക തുടങ്ങിയവയാണ്. കഴിഞ്ഞ പത്ത് വർഷത്തെ രാത്രികാല രക്തപരിശോധനയിലൂടെ കണ്ടെത്തിയ മൈക്രോഫൈലേറിയ റേറ്റ് വെളിപ്പെടുത്തുന്നത് മന്തുരോഗം സംസ്ഥാനത്ത് കുറഞ്ഞുവരുന്നതായിട്ടാണ്.

(ബി) 2006-07 മുതൽ 2009-10-വരെ ലഭിച്ച കേന്ദ്ര സഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	തുക
2006-07	1,66,94,000
2007-08	2,27,04,000
2008-09	1,99,88,000
2009-10	2,79,98,000

(സി) ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ സാമൂഹ്യ മന്തുരോഗ നിവാരണ പദ്ധതി 2004 മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്നു. 2015-ഓടെ മന്തുരോഗം രാജ്യത്തുനിന്നും പൂർണ്ണമായും നിവാരണംചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മന്തുരോഗം തടയുകയും അതുവഴി ഇതുവരെ രോഗം ബാധിക്കാത്തവരെയും അടുത്ത തലമുറയെയും രോഗ വിമുക്തമാക്കുക, മന്തുരോഗം ബാധിച്ചവരിൽ വൈകല്യംകൊണ്ടുണ്ടായ ദുരിതം ചികിത്സകൊണ്ട് കുറയ്ക്കുക എന്നീ രണ്ട് കാര്യങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്.

(ഡി) ലക്ഷ്യം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. 2015-ഓടെ മന്തുരോഗം നിവാരണം ചെയ്യാൻ കഴിയുമെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ നടന്നുപോകുന്നത്.

(ഇ) ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് 2006-07 മുതൽ 2009-10-വരെ ചെലവഴിച്ച ആകെ തുക ചുവടെ ചേർക്കുന്നു :

വർഷം	തുക
2006-07	1,15,53,089
2007-08	1,09,49,143
2008-09	185.61 ലക്ഷം
2009-10	198.20 "

കഴിഞ്ഞ നാല് വർഷക്കാലം ഈ പദ്ധതിക്കായി ചിലവഴിച്ച തുകയ്ക്ക് ആനുപാതികമായ പ്രയോജനം ലഭിക്കുന്നുവെന്നാണ് 2004 മുതലുള്ള മന്തുരോഗ രക്തപരിശോധന റിപ്പോർട്ട് വെളിപ്പെടുത്തുന്നുന്നത്. അതായത് 2004-ൽ ഈ പദ്ധതി ആരംഭിച്ചതുമുതൽ മന്തുരോഗം കുറഞ്ഞുവരുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

സർക്കാർ ആശുപത്രികളുടെ പ്രവർത്തനം

7. (*67) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യമേഖലയിൽ അടിക്കടി ഉണ്ടാകുന്ന സമരംമൂലം പാവപ്പെട്ട രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികൾഎന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; ഈ വിഷയം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഗവൺമെന്റ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതുമൂലം വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നതിനായി പാവപ്പെട്ടവരും ഇടത്തരക്കാരും ഗവൺമെന്റ് ആശുപത്രികളെ മാത്രം ആശ്രയിക്കുന്നതുമൂലം ഇവിടങ്ങളിൽ തിരക്ക് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly